05.06.22 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബന്‍ 17-03-1991

# സന്തുഷ്ടമണിയുടെ ശ്രേഷ്ഠമായ സിംഹാസനത്തിലിരിക്കുന്നതിന് പ്രസന്നചിത്തരും നിശ്ചിന്തരായ ആത്മാക്കളാകൂ.

ഇന്ന് ബാപ്ദാദ തന്റെ നാല് ഭാഗത്തുമുള്ള സന്തുഷ്ട മണികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സംഗമയുഗം സന്തുഷ്ടമായിരിക്കുന്നതിനും സന്തുഷ്ടമാക്കുന്നതിനുമുള്ള യുഗമാണ്. ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയാണ് സന്തുഷ്ടത. സന്തുഷ്ടത തന്നെയാണ് വലുതിലും വച്ച് വലിയ ഖജനാവ്. സന്തുഷ്ടത തന്നെയാണ് ബ്രാഹ്മണ ജീവിതത്തിന്റെ പവിത്രതയുടെ വ്യക്തിത്വം. ഈ വ്യക്തിത്വത്തിലൂടെ സഹജമായി വിശേഷ ആത്മാവായി മാറുന്നു. സന്തുഷ്ടതയുടെ വ്യക്തിത്വമില്ലായെങ്കിൽ വിശേഷ ആത്മാവെന്ന് പറയാൻ സാധിക്കില്ല. ഇന്നത്തെ കാലത്ത് രണ്ട് പ്രകാരത്തിലുള്ള വ്യക്തിത്വമുണ്ട്- ഒന്ന് ശരീരത്തിന്റെ വ്യക്തിത്വം, രണ്ട് പദവിയുടെ വ്യക്തിത്വം. ബ്രാഹ്മണ ജീവിതത്തിൽ സന്തുഷ്ടതയുടെ മഹാനതയുള്ള ബ്രാഹ്മണാത്മാവിന്റെ മുഖത്തിലും സന്തുഷ്ടതയുടെ വ്യക്തിത്വം കാണപ്പെടുന്നു. സന്തുഷ്ടതയുടെ ആധാരമാണ് ബാബയിലൂടെ പ്രാപ്തമായ സർവ്വ പ്രാപ്തികളുടെ സന്തുഷ്ടത അർത്ഥം സമ്പന്നമായ ആത്മാവ്. അസന്തുഷ്ടതയുടെ കാരണമാണ് അപ്രാപ്തി. സന്തുഷ്ടതയുടെ കാരണമാണ് സർവ്വ പ്രാപ്തികൾ, അതിനാൽ ബാപ്ദാദ നിങ്ങൾ സർവ്വ ബ്രാഹ്മണ കുട്ടികൾക്ക് ബ്രാഹ്മണ ജന്മം ലഭിച്ചപ്പോൾ തന്നെ മുഴുവൻ സമ്പത്തും നല്കിയില്ലേ അതോ ചിലർക്ക് കുറച്ച്, ചിലർക്ക് കൂടുതൽ നല്കിയോ? ബാപ്ദാദ സദാ സർവ്വ കുട്ടികളോട് ഇത് തന്നെയാണ് പറയുന്നത്- ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂവെന്ന്. സർവ്വ പ്രാപ്തികളാണ് സമ്പത്ത്. ഇതിൽ സർവ്വ ശക്തികളും ഗുണങ്ങളും ജ്ഞാനവും ഉൾപ്പെടുന്നു. സർവ്വ ശക്തികൾ, സർവ്വ ഗുണം, സമ്പൂർണ്ണമായ ജ്ഞാനം. കേവലം ജ്ഞാനം മാത്രമല്ല എന്നാൽ സമ്പൂർണ്ണമായ ജ്ഞാനം. കേവലം ശക്തികളും ഗുണങ്ങളും മാത്രമല്ല എന്നാൽ സർവ്വ ഗുണങ്ങളും സർവ്വ ശക്തികളും, അതിനാൽ സമ്പത്ത് എന്ന് പറയുന്നത് സമ്പന്നമായിട്ടുള്ളതാണ്. യാതൊരു കുറവുമില്ല. ഓരോ ബ്രാഹ്മണ കുട്ടിക്കും മുഴുവൻ സമ്പത്തും ലഭിക്കുന്നു, പകുതിയായിട്ടല്ല. സർവ്വ ഗുണങ്ങളിൽ നിന്ന് രണ്ട് ഗുണങ്ങൾ ഇവർക്ക്, രണ്ട് അവർക്ക്- അങ്ങനെയല്ല നല്കിയിരിക്കുന്നത്. മുഴുവൻ സമ്പ ത്ത് അർത്ഥം സമ്പന്നത്, സമ്പൂർണ്ണത. സർവ്വർക്കും മുഴുവൻ സമ്പത്ത് ലഭിക്കുമ്പോൾ, സർവ്വ പ്രാപ്തികളുള്ളയിടത്ത് സന്തുഷ്ടതയുണ്ടായിരിക്കും. ബാപ്ദാദ സർവ്വ ബ്രാഹ്മണരുടെ സന്തുഷ്ടതയുടെ വ്യക്തിത്വം കണ്ടു കൊണ്ടിരിക്കുകയായിരുന്നു- വ്യക്തിത്വം എത്രത്തോളം വന്നുവെന്ന്. ബ്രാഹ്മണ ജീവിതത്തിൽ അസന്തുഷ്ടതയുടെ പേരോ അടയാളമോയില്ല. ബ്രാഹ്മണ ജീവിതത്തിന്റെ ആനന്ദം ഈ വ്യക്തിത്വത്തിലാണ്. ഇതാണ് ആനന്ദം നിറഞ്ഞ ജീവിതം, ആനന്ദത്തിന്റെ ജീവിതം.

തപസ്യയുടെ അർത്ഥം തന്നെയാണ് സന്തുഷ്ടതയുടെ വ്യക്തിത്വം നയനങ്ങളിൽ, മുഖത്ത്, ചലനത്തിൽ കാണപ്പെടണം. അങ്ങനെയുള്ള സന്തുഷ്ട മണികളുടെ മാല ഉണ്ടാക്കുകയായിരുന്നു. എത്ര മാലകൾ നിർമ്മിക്കപ്പെട്ടു കാണും? സന്തുഷ്ടമണി അർത്ഥം കറയറ്റ മണി. സന്തുഷ്ടതയുടെ ലക്ഷണമാണ്- സന്തുഷ്ടമായ ആത്മാവ് സ്വയം പ്രസന്നചിത്തമാണെന്ന അനുഭവം ചെയ്യും മറ്റുള്ളവരും അവരിൽ പ്രസന്നമാകും. പ്രസന്നചിത്തമായ സ്ഥിതിയിൽ പ്രശ്നചിത്തരാകില്ല. ഒന്നുണ്ട് പ്രസന്നചിത്തർ, രണ്ടാമത് പ്രശ്നചിത്തർ അർത്ഥം ആശയക്കുഴപ്പത്തിൽപ്പെടുന്നവർ. പ്രസന്നചിത്തരായ ആത്മാവ് ഡ്രാമയെക്കുറിച്ചുള്ള അറിവുള്ളത് കാരണം പ്രസന്നരായിരിക്കും, ചോദ്യം ഉണ്ടാകില്ല. സ്വയത്തെ പ്രതിയും മറ്റുള്ളരെ പ്രതിയും ഉണ്ടാകുന്ന ചോദ്യങ്ങളുടെ ഉത്തരം സ്വയം ആദ്യം കണ്ടെത്തുന്നു. ആദ്യമേ തന്നെ കേൾപ്പിച്ചായിരുന്നു- എന്ത്, എന്തുകൊണ്ട്...അല്ല. ഫുൾസ്റ്റോപ്പ്. ഒരു സെക്കന്റിൽ വിസ്താരം, ഒരു സെക്കന്റിൽ സാരം. അങ്ങനെ പ്രസന്നചിത്തരായിരിക്കുന്നവർ സദാ നിശ്ചിന്തരായിരിക്കും. അതിനാൽ ചെക്ക് ചെയ്യൂ- അങ്ങനെയുള്ള ലക്ഷണങ്ങൾ സന്തുഷ്ടമണിയായ എന്നിലുണ്ടോ? ബാപ്ദാദ സർവ്വർക്കും സന്തുഷ്ടമണിയെന്ന ടൈറ്റിൽ നല്കിയിട്ടുണ്ട്. അതിനാൽ ബാപ്ദാദ ചോദിക്കുന്നു- ഹേ സന്തുഷ്ടമണികളെ , സന്തുഷ്ടരാണോ? പിന്നത്തെ ചോദ്യമാണ്- സ്വയത്തിൽ അർത്ഥം സ്വയത്തിന്റെ പുരുഷാർത്ഥത്തിൽ, സ്വയത്തിന്റെ സംസ്ക്കാര പരിവർത്തനത്തിന്റെ പുരുഷാർത്ഥത്തിൽ, സ്വയത്തിന്റെ പുരുഷാർത്ഥത്തിന്റെ ശതമാനത്തിൽ, സ്ഥിതിയിൽ സദാ സന്തുഷ്ടരാണോ? ശരി, രണ്ടാമത്തെ ചോദ്യം- സ്വയം മനസ്സാ, വാചാ, കർമ്മണാ അർത്ഥം സംബന്ധ സമ്പർക്കത്തിലൂടെ സേവനത്തിൽ സദാ സന്തുഷ്ടരാണോ? മൂന്ന് സേവനവും, ഒരു സേവനം മാത്രമല്ല. മൂന്ന് സേവനത്തിലും സദാ സന്തുഷ്ടരാണോ? ചിന്തിക്കുന്നു, സ്വയത്തെ കണ്ടു കൊണ്ടിരിക്കുന്നു-എത്രത്തോളം സന്തുഷ്ടമായിയെന്ന് ശരി, മൂന്നാമത്തെ ടോദ്യം- സർവ്വാത്മാക്കളുടെയും സംബന്ധ സമ്പർക്കത്തിൽസ്വയത്തിലൂടെ അഥവാ സർവ്വരിലൂടെ സദാ സന്തുഷ്ടരാണോ? കാരണം തപസ്യാ വർഷ

ത്തിൽ തപസ്യയുടെ, സഫലതയുടെ ഫലം ഇത് തന്നെയാണ് പ്രാപ്തമാക്കേണ്ടത്. സ്വയത്തിൽ, സേവനത്തിൽസർവ്വരിലും സന്തുഷ്ടത. നാല് മണിക്കൂർ യോഗ ചെയ്തു- വളരെ നല്ലത്, നാലിൽ നിന്നും എട്ട് മണിക്കൂറാകും. ഇതും വളരെ നല്ലത്. യോഗത്തിന്റെ സിദ്ധി സ്വരൂപമാകണം. യോഗ വിധിയാണ്. എന്നാൽ ഈ വിധിയിലൂടെ എന്ത് സിദ്ധി ലഭിച്ചു? യോഗ ചെയ്യുക എന്നത് വിധിയാണ്, യോഗത്തിന്റെ പ്രാപ്തി ഇത് സിദ്ധിയാണ്. അതിനാൽ 8മണിക്കൂർ ലക്ഷ്യം വയ്ക്കുന്നത് പോലെ കുറഞ്ഞത് ഈ മൂന്ന് പ്രകാരത്തിലുള്ള സന്തുഷ്ടതയുടെ സിദ്ധിയുടെ സ്പഷ്ടമായ ലക്ഷ്യം വയ്ക്കൂ. ചില കുട്ടികൾ സ്വയത്തെ എല്ലാം അറിയുന്നവർ എന്ന് മനസ്സിലാക്കി സന്തുഷ്ടമായിരിക്കുന്നു. അങ്ങനെ സന്തുഷ്ടമാകുകയല്ല വേണ്ടത്.ഒന്നുണ്ട് ഹൃദയം കൊണ്ട് അംഗീകരിക്കുക, രണ്ടാമത് ബുദ്ധിയിലൂടെ മനസ്സിലാക്കുക.. ബുദ്ധി കൊണ്ട് സ്വയത്തെ വളരെ സന്തുഷ്ടമാണെന്ന്, നിശ്ചിന്തമാണെന്ന് മനസ്സിലാക്കുന്നു. അപ്പോൾ ബുദ്ധി കൊണ്ട് സ്വയത്തെ സന്തുഷ്ടമാണെന്ന് മനസ്സിലാക്കുക- അങ്ങനെയുള്ള സന്തുഷ്ടതയല്ല, യഥാർത്ഥ രീതിയിൽ മനസ്സിലാക്കുക. സന്തുഷ്ടതയുടെ ലക്ഷണങ്ങൾ സ്വയത്തിൽ അനുഭവം ചെയ്യണം. ബുദ്ധി സദാ പ്രസന്നമായിരിക്കണം, വ്യക്തിത്വമുള്ളതായിരിക്കണം. സ്വയത്തെ വ്യക്തിത്വമുള്ളതാണെന്നും മറ്റുള്ളവർക്കില്ലായെന്നും മനസ്സിലാക്കുന്നതിനെയാണ് മിയാമിട്ഠുവെന്ന് പറയുന്നത്. അങ്ങനെ സന്തുഷ്ടരല്ല ആകേണ്ടത്. എന്നാൽ യഥാർത്ഥമായ അനുഭവത്തിലൂടെ സന്തുഷ്ട ആത്മാവാകൂ. സന്തുഷ്ടത അർത്ഥം ബുദ്ധിയും ഹൃദയവും സദാ വിശ്രമാവസ്ഥയിലായിരിക്കും. സുഖത്തിന്റെയും ശാന്തിയുടെയും സ്ഥിതിയിലായിരിക്കും. അസ്വസ്ഥമായിരിക്കില്ല. സുഖവും സ്വസ്ഥതയും ഉണ്ടായിരിക്കും. അങ്ങനെയുള്ള സന്തുഷ്ടമണികൾ സദാ ബാബയുടെ മസ്തകത്തിൽ മസ്തക മണിക്ക് സമാനം തിളങ്ങുന്നു. അതിനാൽ സ്വയത്തെ ചെക്ക് ചെയ്യൂ. സന്തുഷ്ടത ബാബയുടെയും സർവ്വരുടെയും ആശീർവാദം നേടി തരുന്നു. സന്തുഷ്ടാത്മാവ് സമയത്തിനനുസരിച്ച് സദാ സ്വയത്തെ ബാബയുടെയും സർവ്വരുടെയും ആശീർവാദങ്ങളുടെ വിമാനത്തിൽ പറക്കുന്ന അനുഭവം ചെയ്യും. ഈ ആശീർവാദങ്ങൾ അവരുടെ വിമാനമാണ്. സദാ സ്വയം വിമാനത്തിൽ പറക്കുന്ന അനുഭവം ചെയ്യും. ആശീർവാദം യാചിക്കില്ല, എന്നാൽ ആശീർവാദങ്ങൾ സ്വയം അവരുടെ മുന്നിൽ സ്വതവേ വന്നു ചേരും. അങ്ങനെയുള്ള സന്തുഷ്ട മണി അർത്ഥം സിദ്ധി സ്വരൂപരായ തപസ്വി. ഇന്നത്തെ കാലത്തെ സിദ്ധികളല്ല, ഇത് അവിനാശി ആത്മീയ സിദ്ധികളാണ്. ഇങ്ങനെയുള്ള സന്തുഷ്ടമണികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോരുത്തരും സ്വയത്തോട് ചോദിക്കൂ- ഞാൻ ആര്?

തപസ്യാ വർഷത്തിന്റെ ഉണർവ്വും ഉത്സാഹവും നല്ലതാണ്.ഓരോരുത്തരും അവരവരുടെ ശക്തിക്കനുസരിച്ച് ചെയ്തു കൊണ്ടിരിക്കുന്നു. മുന്നോട്ടും ഉത്സാഹമുണ്ട്. ഈ ഉത്സാഹം വളരെ നല്ലതാണ്. ഇപ്പോൾ തപസ്യയിലൂടെ പ്രാപ്തികളെ സ്വയം തന്റെ ജീവിതത്തിൽ സർവ്വരുടെ സംബന്ധ സമ്പർക്കത്തിൽ പ്രത്യക്ഷമാക്കൂ. സ്വയത്തിൽ അനുഭവം ചെയ്യുന്നുണ്ട് എന്നാൽ അനുഭവത്തെകേവലം മനോബുദ്ധിയിലൂടെ അനുഭവം ചെയ്തു, ഇത് മാത്രമാകരുത്. അതിനെ ചലനത്തിലും മുഖത്തിലും വരെ കൊണ്ടു വരൂ, സംബന്ധ സമ്പർക്കത്തിൽ കൊണ്ടു വരൂ. അപ്പോൾ ആദ്യം സ്വയത്തിൽ പ്രത്യക്ഷമാകും, പിന്നെ സംബന്ധത്തിൽ പ്രത്യക്ഷമാകും പിന്നീട് വിശ്വത്തിന്റെ സ്റ്റേജിൽ പ്രത്യക്ഷമാകും. അപ്പോൾ പ്രത്യക്ഷതയുടെ പെരുമ്പറ മുഴങ്ങും. നിങ്ങളുടെ സ്മരണ ശാസ്ത്രങ്ങളിൽ കാണിക്കുന്നുണ്ട്- ശങ്കരൻ മൂന്നാമത്തെ നേത്രം തുറന്നു, വിനാശം ഉണ്ടായി. ശങ്കരൻ അർത്ഥം അശരീരി തപസ്വീ രൂപം. വികാരങ്ങളാകുന്ന സർപ്പങ്ങളെ കഴുത്തിലെ മാലയാക്കി. സദാ ഉയർന്ന സിംഹാസനധാരി. ഈ മൂന്നാമത്തെ കണ്ണ് അർത്ഥം സമ്പൂർണ്ണതയുടെ കണ്ണ്, സമ്പന്നതയുടെ കണ്ണ്. നിങ്ങൾ തപസ്വീ സമ്പന്നരായി സമ്പൂർണ്ണ സ്ഥിതിയിലൂടെ വിശ്വ പരിവർത്തനത്തിനായുള്ള സങ്കല്പം ചെയ്യുമ്പോൾ പ്രകൃതിയും സമ്പൂർണ്ണ ചഞ്ചലതയുടെ നൃത്തം ചെയ്യും. ഉപദ്രവമുണ്ടാക്കുന്ന നൃത്തം ചെയ്യും. നിങ്ങൾ അചഞ്ചലരാകും, അവർ ചഞ്ചലതയിൽ വരും കാരണം ഇത്രയും മുഴുവൻ വിശ്വത്തിന്റെ ശുദ്ധീകരണം ആര് ചെയ്യും? മനുഷ്യാത്മാക്കൾക്ക് ചെയ്യാൻ സാധിക്കുമോ? ഈ വായും, ഭൂമി, സമുദ്രം, ജലം- ഇതിന്റെയൊക്കെ ചഞ്ചലത തന്നെ വൃത്തിയാക്കും. അതിനാൽ അങ്ങനെയുള്ള സമ്പൂർണ്ണതയുടെ സ്ഥിതി ഈ തപസ്യയിലൂടെയുണ്ടാക്കണം. പ്രകൃതിയും നിങ്ങളുടെ സങ്കല്പത്തിലൂടെ ഓർഡർ അനുസരിക്കണമെങ്കിൽ ആദ്യം നിങ്ങളുടെ സ്വയത്തിന്റെ, സദാ സഹയോഗി കർമ്മേന്ദ്രിയങ്ങൾ മനസ്സ്-ബുദ്ധി-സംസ്ക്കാരം ഓർഡർ അനുസരിക്കണം. സ്വയത്തിന്റെ, സദാ സഹയോഗി ഓർഡർ അനുസരിക്കുന്നില്ലായെങ്കിൽ പ്രകൃതി എങ്ങനെ ഓർഡർ അനുസരിക്കും? അത്രയും ശക്തിശാലി തപസ്യയുടെ ഉയർന്ന സ്ഥിതിയായിരിക്കണം, സർവ്വരുടെ ഒരു സങ്കല്പം, ഒരു സമയത്ത് തന്നെ ഉത്പന്നമാകണം. സെക്കന്റിന്റെ സങ്കല്പമാകണം- പരിവർത്തനം, പ്രകൃതിയും ഹാജരാകും. വിശ്വത്തിലെ ബ്രാഹ്മണാത്മാക്കൾ ഒരേ സമയത്ത് വിശ്വ ശാന്തിക്കായി യോഗ ചെയ്യാറുണ്ടല്ലോ. സർവ്വരുടെയും ഒരേ സമയത്തുള്ള ഒരേ സങ്കല്പം സ്മരണയായി മാറുന്നു. അതേ പോലെ സർവ്വരുടെയും ഒരു സങ്കല്പത്തിലൂടെ പ്രകൃതി ചഞ്ചലതയുടെ നൃത്തം ആരംഭിക്കും, അതിനാലാണ് പറയുന്നത്- സ്വ പരിവർത്തനത്തി

ലൂടെ വിശ്വ പരിവർത്തനം എന്ന്. പഴയ ലോകം പുതിയതിലേക്ക് എങ്ങനെ പരിവർത്തനപ്പെടും? നിങ്ങൾ സർവ്വരുടെയും ശക്തിശാലി സങ്കല്പത്തിലൂടെ സംഘഠിത രൂപത്തിലൂടെ സർവ്വരുടെയും സങ്കല്പം ഒന്നാകും. മനസ്സിലായോ എന്താണ് ചെയ്യേണ്ടതെന്ന്. ശരി.

ബാപ്ദാദ ഡബിൾ വിദേശി കുട്ടികളെ കണ്ട് സദാ ഹർഷിതമായി കൊണ്ടിരിക്കുന്നു. ഭാരതവാസികളെ കണ്ട് ഹർഷിതമാകുന്നില്ല എന്നല്ല. ഇപ്പോൾ ഡബിൾ വിദേശികളുടെ അവസരമാണ് അതിനാലാണ് പറയുന്നത്. ഭാരതത്തിന്റെ മേൽ ബാബ സദാ പ്രസന്നമാണ്. അതിനാലാണ് ഭാരതത്തിൽ വന്നിരിക്കുന്നത്. നിങ്ങളെല്ലാവരെയും ഭാരതവാസികളാക്കി മാറ്റി. ഈ സമയത്ത് നിങ്ങൾ സർവ്വരും വിദേശികളാണോ അതോ ഭാരതവാസികളാണോ? ഭാരതവാസികളിലും മധുബൻ നിവാസികളാണ്. മധുബൻ നിവാസിയാകാൻ ഇഷ്ടമല്ലേ. ഇപ്പോൾ വേഗം വേഗം സേവനം പൂർത്തിയാക്കൂ എങ്കിൽ മധുബൻ നിവാസിയായി മാറും. മുഴുവൻ വിദേശത്തിൽ വേഗം വേഗം സന്ദേശം നല്കി പൂർത്തിയാക്കൂ. പിന്നീട് ഇവിടെ വന്നാൽ നിങ്ങളെ തിരിച്ചയക്കില്ല. ആ സമയത്തിനുള്ളിൽ സ്ഥാനവും തയ്യാറാകും. നോക്കൂ, വളരെ നീണ്ട് വലിയ മൈതാനമുണ്ട്(പീസ് പാർക്ക്), അവിടെ ആദ്യമേ തന്നെ ഏർപ്പാടാക്കാം പിന്നെ നിങ്ങൾ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. എന്നാൽ അങ്ങനെയുള്ള സമയം വരും നിങ്ങൾ തന്റെ ബാഗിന്റെ മുകളിൽ തന്നെ കിടന്നുറങ്ങും, കട്ടിലൊന്നും ഉപയോഗിക്കില്ല. ആ സമയം തന്നെ വേറെയായിരിക്കും. ഇപ്പോഴത്തെ സമയം വേറെയാണ്. ഇപ്പോൾ സേവനത്തിന്റെ ഒരേ സമയത്ത്, മനസ്സാ–വാചാ–കർമ്മണാ സങ്കല്പം ഒന്നാകണം അപ്പോഴാണ് സേവനത്തിന്റെ തീവ്ര ഗതിയുണ്ടാകുന്നത്. മനസ്സാ പവർഫുൾ (ശക്തിശാലി), വാക്കുകളിൽ നോളേജ്ഫുൽ, സംബന്ധ സമ്പർക്കം അർത്ഥം കർമ്മത്തിൽ ലൗവ്ഫുൾ(സ്നേഹി). ഈ മൂന്ന് അനുഭവങ്ങളും ഒരേ സമയത്തുണ്ടാകണം. ഇതിനെയാണ് തീവ്രഗതിയുടെ സേവനം എന്ന് പറയുന്നത്.

ശരി, ശരീരം കൊണ്ട് സുഖമാണോ, മനസ്സ് കണ്ട് സുഖമാണോ? എന്നാലും ദൂരെ ദൂരെ നിന്ന് വരുന്നു അതിനാൽ ബാപ്ദാദായും ദൂരെ നിന്ന് എത്തിയിരിക്കുന്ന സന്തോഷത്തോടെയുള്ള കുട്ടികളെ കണ്ട് സന്തോഷിക്കുന്നു. എന്നാലും ദൂരെ നിന്ന് വരുന്നവർ നല്ലവരാണ്. കാരണം വിമാനത്തിലാണ് വരുന്നത്. ഈ കല്പത്തിൽ ആദ്യമായി വന്നവർക്ക് ബാപ്ദാദ വിശേഷിച്ചും സ്നേഹ സ്മരണ നല്കി കൊണ്ടിരിക്കുന്നു. ധൈര്യം വച്ചവർ നല്ലവർ തന്നെയാണ്. ഇവിടെ നിന്ന് പോകുമ്പോൾ തന്നെ ടിക്കറ്റിനായുള്ളത് സമ്പാദിക്കുന്നു, വീണ്ടും വരുന്നു. ഇതും ഓർമ്മയുടെ ഒരു വിധിയാണ്. പോകണം, പോകണം, പോകണം....ഇവിടെ വരുമ്പോൾ ചിന്തിക്കുന്നു– വിദേശത്തേക്ക് പോകണം എന്ന്. പിന്നെ പോകുന്നതിനോടൊപ്പം വരുന്നതിനെ കുറിച്ച് ചിന്തിക്കുന്നു. അങ്ങനെയുള്ള സമയവും വരും ഗവൺമെന്റ് മനസ്സിലാക്കും– ആബുവിന്റെ ശോഭ ഈ ബ്രാഹ്മണാത്മാക്കൾ തന്നെയാണ് എന്ന്. ശരി.

നാല് ഭാഗത്തുമുള്ള സർവ്വ മഹാനായ സന്തുഷ്ടരായ ആത്മാക്കൾക്ക്, സദാ പ്രസന്നചിത്തരും നിശ്ചിന്തരുമായിരിക്കുന്ന ശ്രേഷ്ഠാത്മാക്കൾക്ക്, സദാ ഒരേ സമയത്ത് തന്നെ മൂന്ന് സേവനവും ചെയ്യുന്ന തീവ്ര ഗതിയുള്ള സേവാധാരി ആത്മാക്കൾക്ക്,സദാ ശ്രേഷ്ഠമായ സ്ഥിതിയുടെ സിംഹാസനത്തിലിരിക്കുന്ന തപസ്വീ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**പാർട്ടികളുമായുള്ള അവ്യക്ത ബാപ്ദാദായുടെ മിലനം–**
സർവ്വരും സ്വയത്തെ ഹോളീ ഹംസമാണെന്ന് മനസ്സിലാക്കുന്നുണ്ടോ? ഹോളീ ഹംസത്തിന്റെ വിശേഷമായ കർമ്മമെന്താണ്? (ഓരോരുത്തരും കേൾപ്പിച്ചു). കേൾപ്പിച്ച വിശേഷതകൾ പ്രാക്ടിക്കലി കർമ്മത്തിൽ കൊണ്ടു വരുന്നുണ്ടോ? കാരണം നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ മറ്റാർക്ക് ഹോളീ ഹംസമാകാൻ സാധിക്കും? അതിനാൽ ലഹരിയോടെ പറയൂ. ഏതു പോലെ ബാബ സദാ പവിത്രമാണ്, സദാ സർവ്വ ശക്തികൾ കർമ്മത്തിൽ കൊണ്ടു വരുന്നു, അതേപോലെ നിങ്ങൾ ഹോളീ ഹംസവും സർവ്വ ശക്തികൾ പ്രാക്ടിക്കലിൽ കൊണ്ടു വരുന്നവരും സദാ പവിത്രമായിട്ടുള്ളവരുമാണ്. ആയിരുന്നു, സദാ ആയിരിക്കും. മൂന്ന് കാലങ്ങളും ഓർമ്മയുണ്ടല്ലോ? കുട്ടികൾ അനേകം പ്രാവശ്യം അഭിനയിച്ച പാർട്ട് കണ്ട് ബാപ്ദാദ ഹർഷിതമാകുന്നു, അതിനാൽ പ്രയാസമായി അനുഭവപ്പെടുന്നില്ലല്ലോ. മാസ്റ്റർ സർവ്വശക്തിവാന്റെ മുന്നിൽ പ്രയാസം എന്ന ശബ്ദത്തിന് സ്വപ്നത്തിൽ പോലും വരാൻ സാധിക്കില്ല. ബ്രാഹ്മണരുടെ നിഘണ്ടുവിൽ പ്രയാസം എന്ന അക്ഷരം ഉണ്ടോ? ചെറിയ അക്ഷരങ്ങളിൽ പോലുമില്ലല്ലോ? മായയുടെയും നോളേജ്ഫുൾ ആയില്ലേ? ഫുൾ ആയിട്ടുള്ളയിടത്ത് ഫേൽ ആകാൻ(തോൽക്കാൻ) സാധിക്കില്ല. തോൽക്കുന്നതിന്റെ കാരണമെന്താണ്? അറിഞ്ഞിട്ടും എന്ത് കൊണ്ട് തോൽക്കുന്നു? അറിയുന്നുമുണ്ട് എന്നാൽ തോൽക്കുന്നുവെങ്കിൽ അതിനെയെന്ത് പറയും? ഫീലാകുന്നത് കൊണ്ടാണ് ഏതൊരു കാര്യം സംഭവിക്കുമ്പോഴും തോൽക്കുന്നത്. ഫീലിംഗ് ഫ്ളൂവായി മാറുന്നു. ഫ്ളൂവെന്താണ് ചെയ്യുന്നത്– അറി

യാമോ? ശക്തിഹീനമാക്കുന്നു. അതിലൂടെ ചെറിയ കാര്യമാണ് സംഭവിക്കുന്നതെങ്കിലും അത് വലുതായി മാറുന്നു അതിനാൽ ഇപ്പോൾ ഫുൾ ആകൂ. തോൽക്കരുത്, പാസാകണം. ഏതൊരു കാര്യത്തെയും മറി കടക്കൂ എങ്കിൽ ബഹുമതിയോടെ പാസാകും. അതിനാൽ മറി കടക്കുക, പാസാകുക, സമീപത്തിരിക്കുക. ലഹരിയോടെ പറയുന്നുണ്ട്- എനിക്ക് ബാപ്ദാദായോടുള്ള അത്രയും സ്നേഹം മറ്റാർക്കും ഉണ്ടാകുക യില്ല എന്ന്. അപ്പോൾ സ്നേഹമുണ്ടെങ്കിൽ സമീപത്തിരിക്കുകയാണോ വേണ്ടത് അതോ ദൂരെയിരിക്കണോ? സമീപത്തിരിക്കണം പാസാകണം. യു കെ യിലുള്ളവർ ബാപ്ദാദായുടെ സർവ്വ ആശകളെ പൂർത്തീകരി ക്കുന്നവരല്ലേ. ഏറ്റവും നമ്പർവൺ ആയിട്ടുള്ള ബാബയുടെ ശുഭമായ ആശ ഏതാണ്? പ്രത്യേകിച്ചും യു കെ യിലുള്ളവരോടാണ് പറയുന്നത്. വലിയ വലിയ മൈക്കിനെ( വി ഐ പി) കൊണ്ടു വരണം. ബാബയെ പ്രത്യക്ഷമാക്കുന്നതിന് അവർ നിമിത്തമാകണം, ബാബയുടെ സമീപത്ത് കൊണ്ടു വരണം. ഇപ്പോൾ യു കെ യിൽ, അമേരിക്കയിൽ, വിദേശത്തിലെ ദേശങ്ങളിൽ തീർച്ചയായും മൈക്കുകൾ തയ്യാറായിട്ടുണ്ട് എന്നാൽ ഒന്നുമ്ട് സഹയോഗി, രണ്ടാമത് സഹയോഗി, സമീപത്തുള്ളവർ. അങ്ങനെയുള്ള മൈക്കിനെ തയ്യാറാക്കൂ. സേവനത്തിൽ അഭിവൃദ്ധി നന്നായി ഉണ്ടായി കൊണ്ടിരിക്കുന്നു, ഇനിയും ഉണ്ടാകും. ശരി, റഷ്യയിലുള്ളവർ കൊച്ചു കുട്ടികളാണ് എന്നാൽ ഭാഗ്യശാലികളാണ്. നിങ്ങൾക്ക് ബാബയോട് വളരെ സ്നേഹമുണ്ട്. കുട്ടികളുടെ ധൈര്യത്തെ കണ്ട് ബാപ്ദാദായ്ക്കും സന്തോഷമാണ്. ഇപ്പോൾ പരിശ്രമം മറ ന്നില്ലേ. ശരി.

**വരദാനം- ഓരോ സങ്കല്പം, വാക്ക്, കർമ്മത്തിലൂടെ പുണ്യ കർമ്മം ചെയ്യുന്ന ആശീർവാ ദങ്ങളുടെ അധികാരിയായി ഭവിക്കട്ടെ.**

സ്വയം ഈ ദൃഢ സങ്കല്പം എടുക്കൂ- മുഴുവൻ ദിനത്തിൽ സങ്കല്പത്തിലൂടെ, വാക്കുകളിലൂടെ, കർമ്മ ത്തിലൂടെ, പുണ്യാത്മാവായി പുണ്യം മാത്രമേ ചെയ്യുകയുള്ളൂ. പുണ്യത്തിന്റെ പ്രത്യക്ഷഫലമാണ് ഓരോ ആത്മാവിന്റെയും ആശീർവാദം. അതിനാൽ ഓരോ സങ്കല്പത്തിൽ, വാക്കിൽ ആശീർവാദങ്ങൾ സമ്പാദി ക്കണം. സംബന്ധ സമ്പർക്കത്തിലൂള്ളവരുടെ ഹൃദയത്തിൽ നിന്നും സഹയോഗത്തിന്റെ നന്ദി ഉണ്ടാക ണം. അങ്ങനെ അശീർവാദങ്ങളുടെ അധികാരിയായിട്ടുള്ളവർ തന്നെയാണ് വിശ്വ പരിവർത്തനത്തിന് നിമിത്തമാകുന്നത്. അവർക്ക് തന്നെയാണ് സമ്മാനം ലഭിക്കുന്നത്.

**സ്ലോഗൻ- സദാ ഒരേയൊരു ബാബയുടെ കൂട്ട്ക്കെട്ടിലിരിക്കൂ, ബാബയെ തന്റെ കൂട്ട്ക്കാ രനാക്കു- ഇത് തന്നെയാണ് ശ്രേഷ്ഠത.**